# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

C.No. 03/2010

ദൈവകൃപയാൽ
ബാംഗ്ലൂർ മെത്രാസന ഇടവകയുടെ
എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

കർത്താവിൽ നമ്മുടെ പ്രിയ നും
കുടുംബാംഗങ്ങൾക്കും വാഴ്വ് !

നിങ്ങളുടെ ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ നിങ്ങൾക്ക് ഈ കത്ത് എഴുതുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. നിങ്ങൾക്ക്, നമ്മുടെ സഭയോടും വിശേഷാൽ നമ്മുടെ ഭദ്രാസനത്തോടുമുള്ള സ്നേഹവും കടപ്പാടും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും നിങ്ങളോട് നന്ദി അറിയിക്കുകയും ചെയ്യുന്നു. തുടർന്നും നിങ്ങളേവരും നമ്മുടെ കർത്താവിനോടുള്ള ബന്ധത്തിലും സഭയോടും അതിന്റെ വിശ്വാസ-ആചാര-അനുഷ്ഠാനങ്ങളിലുള്ള താല്പര്യത്തിലും സാമൂഹ്യപ്രതിബദ്ധതയിലും ഉറ്റിരിക്കുമെന്ന് പ്രത്യാശിക്കുന്നു.

ഭവനത്തിൽ കുടുംബപ്രാർത്ഥന മുടങ്ങാതെ നടത്തിയും, വിഃ വേദപുസ്തക വായനയിലും ധ്യാനത്തിലും താല്പര്യം കാട്ടിയും, നോമ്പും ഉപവാസവും അനുഷ്ഠിച്ചും, കൂദാശകൾ സ്വീകരിച്ചും നിങ്ങളുടെ ആത്മീക ജീവിതം ശക്തമാക്കണം. കുടുംബ ജീവിതത്തിന് അപചയം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, നിങ്ങളുടെ കുടുംബത്തിലൂടെ കർത്താവിനെയും അവന്റെ സ്നേഹത്തേയും സാക്ഷിക്കുവാൻ സംഗതിയാകണം. മാതാപിതാക്കൾ മക്കൾക്ക് നല്ല മാതൃക കാട്ടുന്നവരും അവരെ ദൈവ ഭക്തിയിൽ നയിക്കുന്നവരും ആകണം. മക്കൾ മാതാപിതാക്കളെ അനുസരിക്കുന്നവരും, വിഃ ജീവിതം നയിക്കുന്നവരുമായിത്തീരണം. നിങ്ങൾ ഏവരെയും നാം അർപ്പിക്കുന്ന വിഃ കുർബ്ബാനകളിലും നമ്മുടെ പ്രാർത്ഥനകളിലും, നാം ഓർക്കും. നിങ്ങൾ നമുക്കുവേണ്ടിയും കർത്താവിനോട് മുട്ടിപ്പായി പ്രാർത്ഥിക്കണം. ദൈവം നിങ്ങളെ ആപത്ത് അനർത്ഥങ്ങളിൽ നിന്നും കാത്തു പരിപാലിക്കുകയും നിങ്ങളുടെ അദ്ധ്വാനങ്ങൾക്ക് നൂറുമേനി ഫലം നൽകുകയും ചെയ്യട്ടെ.

ശേഷം പിന്നാലെ,

സ്നേഹപൂർവ്വം
കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ ആത്മീയ പിതാവ്

25.09.2010
ബാംഗ്ലൂർ - 25

എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത